**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 3388 — 23/06/2014 - ൽ മറുപടിക്ക്

# കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ വകുപ്പിനു കീഴിൽപുതിയ പദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.സി.ജോർജ്<br>ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. എം.വി.ശ്രേയാംസ് കുമാർ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) കേരളഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ വകുപ്പിനു കീഴിൽ വിഭാവനം ചെയ്തിട്ടുള്ള പുതിയ പദ്ധതികൾ എന്തെല്ലാമാണ്; | (എ) | കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് എന്ന കമ്പനി വിഭാവനം ചെയ്യുന്ന പുതിയ പദ്ധതികൾ താഴെ പറയുന്നു:<br>1) മിനി ഡ്രൈ ഡോക്ക്.<br>2) 200 പാസഞ്ചർ കപ്പാസിറ്റിയുള്ള ടൂറിസ്റ്റ് ബോട്ട്. (കടൽ യാത്രയ്ക്ക് ഉതകുന്നത്)<br>3) 1000 എം.ടി. ഓയിൽ ബാർജ്ജ്. (കടൽ യാത്രയ്ക്ക് ഉതകുന്നത്)<br>4) എൽ.എൻ.ജി ബാർജ്ജ്. (സാദ്ധ്യതകൾ പഠിച്ചതിനു ശേഷം) |
| (ബി) പ്രസ്തുത വകുപ്പിനു കീഴിൽ നിലവിൽ ജലവാഹനങ്ങളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും നിർവ്വഹിക്കപ്പെടുന്നതിന് പര്യാപ്തമായ പണിശാലകൾ ഉണ്ടോ; വ്യക്തമാക്കുമോ; | (ബി) | തോപ്പുംപടിയിൽ കമ്പനിയുടെ അധീനതയിൽ ഒരു സ്ളിപ്‌വേ ഉണ്ട്. ഇവിടെ ജലവാഹനങ്ങളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും ഉള്ള സൗകര്യം ഉണ്ട്. |
| (സി) കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ നിന്ന് പാട്ടത്തിനെടുത്തിട്ടുള്ള സ്ളിപ്പ് വേയിൽ വലിയ കപ്പലുകളുടെ പണിക്ക് നിലവിൽ സൗകര്യമുണ്ടോ; വ്യക്തമാക്കുമോ; | (സി) | വലിയ ജലവാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കുള്ള സൗകര്യം ഇല്ല. എന്നാൽ ചെറിയ ജലവാഹനങ്ങളുടെ (ഏകദേശം 150-200 ടൺ ഭാരം വരുന്ന തരം) നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും ഉള്ള സൗകര്യം ഉണ്ട്. |

(ഡി) കൊച്ചിയിൽ പെട്രോനെറ്റ് ദ്രവീകൃത പ്രകൃതി വാതകം കമ്മീഷൻ ചെയ്തത് കണക്കിലെടുത്ത് ഈ മേഖലയിലെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

(ഡി) കൊച്ചിയിലെ പുതിയ പെട്രോനെറ്റ് എൽ.എൻ.ജി ടെർമിനൽ മൂലം ഉണ്ടാകുന്ന സാദ്ധ്യതകളെ സംബന്ധിച്ച് പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ പദ്ധതികൾ കമ്പനി ആസൂത്രണം ചെയ്യുന്നതാണ്.

സെക്ഷൻ ഓഫീസർ